# എഴുന്നേറ്റ് പ്രകാശിക്കുക

## 1 പത്രോസ് 2:9

**"നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു."**

ആദിയിൽ പാഴും ശൂന്യവുമായി, ഇരുളുമൂടിക്കിടന്നിരുന്ന ഭൂമിയിൽ, വെളിച്ചം ഉണ്ടാകട്ടെ എന്നു തേജോമയനായ ദൈവം കൽപിച്ചപ്പോൾ, ഭൂമി പ്രകാശപൂരിതമായിത്തീർന്നു. അപ്രകാരം തന്നെ പാപത്തിന്റെ അന്ധകാരത്തിൽ കിടന്നിരുന്നവരായിരുന്ന, മാനവരാശിയെ മുഴുവൻ രക്ഷിപ്പാൻ, താൻ തന്നെ ലോകത്തിന്റെ വെളിച്ചമായിരുന്ന, ക്രിസ്തു ഈ ലോകത്തിലേക്കു കടന്നുവന്നു. യോഹന്നാന്റെ സുവിശേഷം ആദ്യ അദ്ധ്യായത്തിൽ നാം ഇപ്രകാരം കാണുന്നു, 'ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു. അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി.' എന്നാൽ ഈ സത്യവെളിച്ചത്തെ ഉൾക്കൊള്ളാൻ ലോകക്കാരാരും തയ്യാറായില്ല എന്നുമാത്രമല്ല സ്വന്തജനമായ യിസ്രായേലിന്റെ നടുവിൽ എന്നും വിളങ്ങുന്ന പ്രകാശമായി നിൽക്കാൻ ആഗ്രഹിച്ചവനെ അവർ തള്ളിക്കളഞ്ഞു എന്നു നാം കാണുന്നു.

പ്രിയരേ, അന്ധരായ മനുഷ്യർ ഒരു വസ്തുവിനെ സ്പർശനത്തിലൂടെയാണ് തിരിച്ചറിയുന്നത്. ഒരു പക്ഷെ അതിന് അവരെ പ്രാപ്തരാക്കാൻ, ചിലപ്പോൾ ആരെങ്കിലുമൊക്കെ കൂടെക്കണ്ടെന്നു വരാം. ആയതുപോലെ കർത്താവ് താനും, ഈ ലോകത്തിൽ നിന്നു കടന്നു പോയപ്പോൾ, നമുക്ക് ഒരു സഹായിയെ നൽകിയിട്ടാണ് പോയത്. അത് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആണെന്നു നാം വ്യക്തമായി അറിയുന്നു. ക്രിസ്തുവിനെ കൈക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ ദൈവം അധികാരം നൽകിയപ്പോൾ, അതോടൊപ്പം ഈ സഹായിയായ പരിശുദ്ധാത്മാവ് നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ വാസം ചെയ്യുവാനാരംഭിച്ചു. അത് നമ്മെ നിത്യം പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും പ്രബോധിപ്പിച്ച് വഴി നടത്തുന്നു.

പ്രിയ ദൈവപൈതലേ, നാം ആരാണെന്നും, നമ്മിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നതെന്താണെന്നും, ഒരിക്കലും നാം തിരിച്ചറിയാതെ പോവരുത്. നമ്മെ അന്ധകാരത്തിൽ നിന്നു വിളിച്ചിരിക്കുന്നവൻ, അവന്റെ അത്ഭുതങ്ങളെ ലോകത്തിന്റെ മുമ്പിൽ സാക്ഷീകരിക്കുവാൻ വേണ്ടിയാണ് നമ്മെ ആക്കിവെച്ചിരിക്കുന്നത്. കർത്താവ്

തന്നെ പറയുന്നു, 'വിളക്ക് കൊളുത്തീട്ടു ആരും നിലവറയിലോ, പറയിൻകീഴിലോ വെക്കാതെ അകത്തു വരുന്നവർ വെളിച്ചം കാണേണ്ടതിന്നു തണ്ടിന്മേൽ അത്രേ വെക്കുന്നതു.' (ലൂക്കോസ് 11:33). ആയതിനാൽ നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വെളിച്ചത്താൽ നിറഞ്ഞ്, ആ വെളിച്ചത്തെ മറ്റുള്ളവരിലേക്ക് പകരുന്നവരായി നമുക്ക് മാറാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

യെശയ്യാവു 60:1

എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 172